# കേരളസർവകലാശാല

നം.പി.ആർ.48/2022

## പത്രക്കുറിപ്പ്

### ടൈംടേബിൾ

കേരളസർവകലാശാല 2022 മാർച്ച് 23 ന് ആരംഭിക്കുന്ന ഒന്നും രണ്ടും വർഷ ബി.ഫാം. (അഡീഷണൽ ചാൻസ്), 2022 ഏപ്രിൽ 8 ന് ആരംഭിക്കുന്ന മൂന്നും നാലും വർഷ ബി.ഫാം. (അഡീഷണൽ ചാൻസ്), ജനുവരി 2022 പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ., മാർച്ച് 2022 (റെഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 16 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്‌സി. ബോട്ടണി ആന്റ് ബയോടെക്നോളജി കോഴ്സിന്റെ കോവിഡ് സ്പെഷ്യൽ ബോട്ടണി ബയോടെക്നോളജി പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 11 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 മെയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്‌സി. (സി.ബി.സി.എസ്.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി മാർച്ച് 10 മുതൽ 17 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.എസ്‌സി. റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.II (രണ്ട്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.ഫോൺ:04712386426

### സമ്പർക്ക ക്ലാസ്

കേരളസർവകലാശാല സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ഒന്നാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികൾക്കുള്ള (2021 അഡ്മിഷൻ) സമ്പർക്ക ക്ലാസുകൾ മാർച്ച് 12 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

### സി.എ.സി.ഇ.ഇ. - വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നടത്തുന്ന വിവിധ കോഴ്സുകൾക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 25.

പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സ്: യോഗ്യത:കേരളസർവകലാശാല അംഗീകൃത ബിരുദം, കോഴ്സ്കാലാവധി: ഒരു വർഷം, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ് ഫീസ്:16500/-, ഉയർന്ന പ്രായപരിധി ഇല്ല.

സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിംഗ് കോഴ്സ്: യോഗ്യത:പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ്കാലാവധി:4 മാസം, കോഴ്സ് ഫീസ്:6000/-, ഉയർന്ന പ്രായപരിധി ഇല്ല.

ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ: യോഗ്യത:പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ്കാലാവധി:6 മാസം, കോഴ്സ് ഫീസ്:7000/- (പരീക്ഷാഫീസ് ഉൾപ്പെടെ), ക്ലാസുകൾ: കാര്യവട്ടം ക്യാമ്പസിൽ, ഉയർന്ന പ്രായപരിധി ഇല്ല.

പി.ജി.ഡിപ്ലോമ ഇൻ യോഗ തെറാപ്പി: യോഗ്യത: കേരളസർവകലാശാല അംഗീകൃത ബിരുദം, കോഴ്സ്കാലാവധി: ഒരു വർഷം, കോഴ്സ് ഫീസ്:19500/-, ക്ലാസുകൾ: രാവിലെ 7 മുതൽ 9 വരെ, ഉയർന്ന പ്രായപരിധി ഇല്ല.

സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ്: യോഗ്യത:പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ്കാലാവധി:4 മാസം, കോഴ്സ് ഫീസ്:6000/-, ക്ലാസുകൾ: കാര്യവട്ടം ക്യാമ്പസിൽ, ഉയർന്ന പ്രായപരിധി ഇല്ല.

ടീച്ചേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ: യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ്കാലാവധി: 6 മാസം, കോഴ്സ് ഫീസ്:15000/-, അപേക്ഷാഫീസ്: 100 രൂപ, ക്ലാസുകൾ: വൈകുന്നേരം 5 മുതൽ 7 വരെ, ഉയർന്ന പ്രായപരിധി ഇല്ല.

താൽപ്പര്യമുള്ളവർ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) നിന്നും അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് എസ്.ബി.ഐ.യിൽ A/c.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം പി.എം.ജി. ജംഗ്ഷൻ സ്റ്റുഡൻസ് സെന്റർ ക്യാമ്പസിലെ സി.എ.സി.ഇ.ഇ. ഓഫീസിൽ എത്തിക്കേണ്ടതാണ്.

തിരുവനന്തപുരം,
09.03.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**